# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – എറണാകുളം - മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് - 2011-12 - ഖണ്ഡിക 3(6) - ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം.233/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/01/2015

---

പരാമർശം:-
1) പഞ്ചായത്ത് പ്രസിഡന്റിന്റെ 25/07/2013-ലെ എ 4-57/11 നമ്പർ കത്ത്.
2) 01/02/2012-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ ഐറ്റം 2.6 നമ്പർ തീരുമാനം
3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 4/4/2014-ലെ എൽ.എഫ്/പി.റ്റി2/450/2014 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 3(6) -ലെ പരാമർശ പ്രകാരം 2,16,054/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

01/02/2012-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ 2.6 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനും 10,000/- രൂപ ധനസഹായം നൽകുന്നതിനു പകരം ധനസഹായം 20,000/- രൂപയായി ഉയർത്തി കമ്പ്യൂട്ടർ വാങ്ങി നൽകുന്ന പദ്ധതിയാക്കി ഡി.പി.സി അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനായി കോ-ഓർഡിനേഷൻ സമിതി പരാമർശം 2 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങി പട്ടിക ജാതി വിദ്യാർത്ഥികൾക്ക് നൽകിയതിനാലും മേൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പദ്ധതി നടപ്പാക്കാനായി 2,00,000/- രൂപ അനുവദനീയമായ സാഹചര്യത്തിൽ അധികം ചിലവഴിച്ച 16,054/- രൂപയ്ക്കു സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 3 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും 01/02/2012-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിന്റെ ഐറ്റം 2.6 നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 3(6) പ്രകാരം തടസ്സപ്പെടുത്തിയ 16,054/- (പതിനാറായിരത്തി അമ്പത്തി നാല് രൂപ മാത്രം) രൂപയുടെ അധിക ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ